**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 26-06-2012 - ൽ |
| ചോദ്യം നമ്പർ: 3792 | മറുപടിയ്ക്ക് |

## സംസ്ഥാന ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ വികസനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ മുഹമ്മദുണ്ണി ഹാജി<br>ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ച പ്പെടുത്തുതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ആലോ ചനയിലുള്ളതെന്ന് വിശദമാക്കുമോ; | എ) ചലച്ചിത്ര വികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള എല്ലാ തീയറ്ററുകളും നവീകരിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം കലാഭവൻ തിയേറ്റർ ആധുനിക രീതിയിലുള്ള പ്രൊജക്ഷൻ, ശബ്ദ സംവിധാനങ്ങളോടെ നവീകരിക്കും. കൂടാതെ, തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള കൈരളി തിയേറ്റർ വിഭജിച്ച് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ തിയേറ്റർ സമുച്ചയങ്ങളാക്കി മാറ്റുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിൽ കെ.എസ്.എഫ്. ഡി. സി.ക്ക് സ്വന്തമായുള്ള സ്ഥലത്ത് മൾട്ടിപ്ലക്സ് തീയറ്ററുകൾ നിർമ്മിക്കുവാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.<br>ഒറ്റപ്പാലത്ത് ആധുനിക സംവിധാനങ്ങളോടു കൂടിയ ഒരു ഫിലിം സിറ്റി സ്ഥാപിക്കുന്നുതിന് തത്വത്തിൽ തീരുമാന മായിട്ടുണ്ട്. കൂടാതെ വഴുതക്കാട്ടുള്ള ഹെഡ്ഡാഫീസ് കെട്ടിടം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ഓഫീസ് ഒഴികെയുള്ള സ്ഥലം വാടകയ്ക്ക് നൽകുവാനും തീരുമാനമെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ; | ബി) | ആലപ്പുഴയിൽ മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിനാവശ്യമായ 23.32 ആർ ഭൂമി ആലപ്പുഴ ജില്ലയിലെ മുല്ലയ്ക്കൽ വില്ലേജിൽ കെ.എസ്. എഫ് .ഡി .ക്ക് സ്വന്തമായുണ്ട്. ഒറ്റപ്പാലത്ത് ഫിലിം സിറ്റി നിർമ്മിയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, സ്റ്റുഡിയോ പ്രവർത്തനം ആധുനികവത്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അവിടെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർക്ക് മാത്രം സാങ്കേതിക മേഖലകളുടെ ചുമതലകൾ നൽകുമോ? | സി) | ഈ ദിശയിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യവും യോഗ്യതയുമുള്ളവരാണ് ചിത്രാഞ്ജലിയിലെ സാങ്കേതിക മേഖലകളുടെ ചുമതലകൾ നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ